**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3973** **28-06-2024 - ൽ മറുപടിയ്ക്ക്**

**മനുഷ്യക്കടത്ത് തടയാൻ നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. മോൻസ് ജോസഫ്,<br>ശ്രീ. അനൂപ് ജേക്കബ് ,<br>ശ്രീ. മാണി. സി. കാപ്പൻ | | ശ്രീ. പിണറായി വിജയൻ<br>(മുഖ്യമന്ത്രി) | |
| (എ) | സംസ്ഥാനത്ത് നിന്നും സാധാരണക്കാരായ വ്യക്തികളെ വിദേശരാജ്യങ്ങളിലേക്ക് എത്തിച്ച് അവയവക്കടത്ത്/അവയവദാനം നടത്തുന്നുവെന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വ്യക്തമാക്കുമോ; | (എ) | എറണാകുളത്തെ രണ്ട് ആശുപത്രികൾക്ക് അന്താരാഷ്ട്ര അവയവ കടത്തുമായി ബന്ധമുണ്ടെന്ന് ആരോപിച്ചുള്ള മലപ്പുറം സ്വദേശിയുടെ പരാതിയും തിരുവനന്തപുരത്ത് അനധികൃത അവയവമാറ്റ ശസ്ത്രക്രിയ നടന്നു എന്നാരോപിച്ചുള്ള പരാതിയും ലഭിച്ചിട്ടുണ്ട്.<br><br>ആദ്യ പരാതി നെടുമ്പാശ്ശേരി പോലീസ് സ്റ്റേഷനിൽ രജിസ്റ്റർ ചെയ്ത 544/2024 നമ്പർ ക്രൈം കേസിന്റെ പരിധിയിൽ ഉൾപ്പെടുത്തി അന്വേഷിച്ച് വരുന്നു.<br><br>രണ്ടാമത്തെ പരാതിയിൽ തിരുവനന്തപുരം പൂജപ്പുര പോലീസ് സ്റ്റേഷനിൽ പ്രാഥമിക അന്വേഷണം നടത്തിവരുന്നു.<br><br>നെടുമ്പാശ്ശേരി പോലീസ് സ്റ്റേഷൻ ക്രൈം. നം. 544/2024 നമ്പർ പ്രകാരം രജിസ്റ്റർ ചെയ്ത കേസിൽ സാബിത്ത് നാസർ, സജിത്ത് ശ്യാം, ബെല്ലംകൊണ്ട രാമപ്രസാദ് എന്നിവരെ അറസ്റ്റ് ചെയ്തിട്ടുണ്ട്. ഈ റാക്കറ്റിന്റെ സൂത്രധാരനായ മധു ജയകുമാർ എന്നയാൾക്ക് എതിരെ 'ബ്ലൂ കോർണർ' നോട്ടീസ് പുറപ്പെടുവിക്കുന്നതിന് ഇന്റർപോൾ മുഖേന നടപടി സ്വീകരിച്ചിട്ടുണ്ട്. നെടുമ്പാശ്ശേരി പോലീസ് ഇൻസ്പെക്ടറുടെ നേതൃത്വത്തിൽ 13 അംഗ അന്വേഷണ സംഘത്തെ നിയോഗിച്ച് കൂടുതൽ വിശദമായ അന്വേഷണം നടന്നു വരുന്നു. |
| (ബി) | അവയവക്കടത്ത് നടത്തുന്നതിനായി അതിഥി തൊഴിലാളികളെ എത്തിക്കുന്നുവെന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കുമോ? | (ബി) | ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |

സെക്ഷൻ ഓഫീസർ